# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലെ പട്ടാമ്പി (തപാൽ), പാലക്കാട് ജില്ല, 679 306 (പിൻ), കേരളം

ഫോൺ: +91 466 2212228, ഇമെയിൽ - rarsptb@kau.in, വെബ് - www.rarsptb.kau.in


നമ്പർ: ഡി2/4930/2024

തിയ്യതി: 19.12.2024

## പുനഃദർഘാസ് അറിയിപ്പ്

ഈ ഗവേഷണ കേന്ദ്രത്തിലെ ഡയറി യൂണിറ്റിലേക്ക് നാല് പശുക്കളെ ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ദർഘാസുകൾ ചുവടെ ചേർത്ത വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് ക്ഷണിച്ചുകൊള്ളുന്നു.

1. പശുക്കൾ കറവയുള്ള ജഴ്സി ക്രോസ്ബ്രെഡ് ഇനത്തിൽ പെടുന്നവയായിരിക്കണം.
2. മൂന്നിൽ കൂടുതൽ തവണ പ്രസവിച്ചവയാകരുത്.
3. രാവിലത്തെ കറവയ്ക്ക് 6 മുതൽ 10 വരെ ലിറ്റർ പാൽ ലഭിക്കുന്നവയായിരിക്കണം.
4. കണ്ണിൽ നിന്നോ മൂക്കിൽ നിന്നോ സ്രവങ്ങൾ വരാത്തവയും മുടന്തില്ലാത്തവയും തൊലിപ്പുറത്ത് വ്രണങ്ങളോ പരാദ ജീവികളോ ഇല്ലാത്തവയുമായിരിക്കണം.
5. പശുക്കൾ ആരോഗ്യമുള്ളവയും നേരിട്ടുള്ള കാഴ്ചയിലോ, പരിശോധനയിലോ അസുഖങ്ങൾ ഇല്ലാത്തവയുമായിരിക്കണം.

### നിബന്ധനകൾ

1. ഒരു പശുവിന് ലഭിക്കേണ്ട കുറഞ്ഞ വില, പശുവിന്റെ ഇനം, ലഭിക്കുന്ന പാലിന്റെ അളവ്, പ്രസവത്തിന്റെ എണ്ണം എന്നിവ ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്.
2. www.rarsptb.kau.in/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമിലാണ് ദർഘാസ് സമർപ്പിക്കേണ്ടത്. ദർഘാസ് ഫോമിന്റെ വില, ജി.എസ്.ടി ഉൾപ്പെടെ 708/- രൂപ, നിരതദ്രവ്യം 5000/- രൂപ എന്നിവ "അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി " എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടാമ്പി ശാഖയിൽ മാറാവുന്ന രണ്ട് വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകളായി ടെണ്ടറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.
3. 200/- രൂപ വിലയുള്ള മുദ്രപേപ്പറിൽ, www.rarsptb.kau.in/tenders എന്ന വെബ്സൈറ്റിൽ നൽകിയ മാതൃകയിൽ കരാർ എഴുതി ഒപ്പിട്ട് ദർഘാസിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.
4. മുദ്രവച്ച കവറിൽ "ഡി2-4930/2024 തിയ്യതി 19/12/2024, പശുക്കളെ ലഭ്യമാക്കുന്നതിനുള്ള ദർഘാസ്" എന്നെഴുതി "അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി " എന്ന വിലാസത്തിൽ 30/12/2024 തിയ്യതി ഉച്ചക്ക് 2.00 മണിക്ക് മുമ്പായി ഈ സ്ഥാപനത്തിൽ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
5. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30 - ന് ദർഘാസുകൾ, ആ സമയത്ത് ഹാജരായ ദർഘാസ് സമർപ്പിച്ച വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.
6. ദർഘാസ് ലഭിച്ച വ്യക്തി 200/- രൂപയുടെ മുദ്രപേപ്പറിൽ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചുമായി www.rarsptb.kau.in/tenders എന്ന വെബ്സൈറ്റിൽ നൽകിയ മാതൃകയിൽ കരാറിൽ ഏർപ്പെടുകയും, നിരതദ്രവ്യമായി അടച്ച 5000/- രൂപ സുരക്ഷിത നിക്ഷേപമായി ഈ സ്ഥാപനത്തിൽ അടക്കേണ്ടതുമാണ്. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കൂടാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.

7. ദർഘാസുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

(ഒപ്പ്)

**ഡോ. പി. രാജി**

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താക്കൾ: നോട്ടീസ് ബോർഡ് - മിനി സിവിൽ സ്റ്റേഷൻ/കൃഷി ഭവൻ, പട്ടാമ്പി/മൃഗാശുപത്രി, പട്ടാമ്പി/ഓഫീസ്/ഫാം ഓഫീസ്/ വിൽപ്പന കേന്ദ്രം/ സർവ്വകലാശാല വെബ് സൈറ്റ്.

പകർപ്പ്: ഫാമിന്റെ ചുമതലയുള്ള ശാസ്ത്രജ്ഞൻ/ഫാം സൂപ്രണ്ട്.

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ